**ഓം**

**നമോƒസ്തുതേ വ്യാസവിശാലബുദ്ധേ!**
**ഫുല്ലാരവിന്ദായതപത്രനേത്ര**
**യേന ത്വയാ ഭാരതതൈലപൂർണ:**
**പ്രജ്വാലിതോ ജ്ഞാനമയപ്രദീപ:**

അല്ലയോ വിശാലബുദ്ധിയും വിരിഞ്ഞ താമരയിതൾപോലെ വികസിച്ച കണ്ണുകളും ഉള്ള വ്യാസഭഗവൻ!, അങ്ങയാൽ 'മഹാഭാരതം' എന്ന എണ്ണ നിറച്ച് ജ്ഞാനപ്രദീപം പ്രകാശിപ്പിക്കപ്പെട്ടുവല്ലോ. അങ്ങേയ്ക്ക് നമസ്കാരം.

**രാമായ രാമഭദ്രായ**
**രാമചന്ദ്രായ വേധസേ**
**രഘുനാഥായ നാഥായ**
**സീതായാ: പതയേ നമ:**

ശ്രീരാമനെന്നും രാമഭദ്രനെന്നും രാമചന്ദ്രനെന്നും വിളിക്കപ്പെടുന്ന വിധാതാവേ!, രഘുനാഥനായ നമ്മുടെ നാഥ!, സീതാദേവിയുടെ ഭർത്താവായ അങ്ങേയ്ക്ക് നമസ്കാരം.

**ഉഗ്രം വീരം മഹാവിഷ്ണും**
**ജ്വലന്തം സർവ്വതോമുഖം**
**നൃസിംഹം ഭീഷണം ഭദ്രം**
**മൃത്യുമൃത്യും നമാമ്യഹം**

ഉഗ്രനും വീരനും മഹാവിഷ്ണുവും ജ്വലിക്കുന്നവനും സർവ്വതോമുഖനും, ദുഷ്ടർക്ക് ഭീഷണനും, ഭക്തർക്ക് ഭദ്രപ്രദനും, മൃത്യുവിന് തന്നെ മൃത്യുവുമായ ശ്രീനരസിംഹമൂർത്തിക്ക് നമസ്കാരം.

**കല്യാണാത്ഭുതഗാത്രായ**
**കാമിതാർത്ഥപ്രദായിനേ**
**ശ്രീമദ് വേങ്കടനാഥായ**
**ശ്രീനിവാസായ തേ നമ:**

കല്യാണ(മംഗല)കരവും അത്ഭുതകരവുമായ ശരീരത്തോടുകൂടിയവനേ, ഭക്തരുടെ ആഗ്രഹങ്ങളെല്ലാം നിറവേറ്റുന്നവനേ, ശ്രീമദ് വേങ്കടനാഥ! ശ്രീനിവാസ! അങ്ങേയ്ക്ക് നമസ്കാരം.

**നമോ ബ്രഹ്മണ്യദേവായ**
**ഗോബ്രാഹ്മണഹിതായ ച**
**ജഗദ്ധിതായ കൃഷ്ണായ**
**ഗോവിന്ദായ നമോ നമ:**

ബ്രഹ്മണ്യദേവനും പശു മുതലായ മൃഗങ്ങൾക്കും ബ്രാഹ്മണാദി മനുഷ്യർക്കും, അതുപോലെ സകലജഗത്തിനും തന്നെ ഹിതകരനായ ശ്രീകൃഷ്ണന്, ഗോവിന്ദന് നമസ്കാരം.

**ഹൃഷീകേശ ജഗത്വ്യാപിൻ**
**സർവസാക്ഷിൻ ദയാനിധേ**
**ഇന്ദ്രിയാണ്യനുകൂലാനി**
**സദാ ധർമേഷു മേ കുരു**

ലോകം മുഴുവൻ നിറഞ്ഞുനിന്ന് സർവ്വസാക്ഷിയായി വർത്തിക്കുന്ന ദയാനിധിയായ ഹൃഷീകേശ! (ഇന്ദ്രിയങ്ങളുടെ അധീശ!), എന്റെ ഇന്ദ്രിയങ്ങളെ അനുകൂലമാക്കി എല്ലായ്പ്പോഴും ധർമ്മമാർഗത്തിൽ നയിച്ചാലും.

**ക്വാഹമത്യന്തദുർബുദ്ധി:**
**ക്വ നു ചാത്മഹിതേക്ഷണം**
**യദ്ധിതം മമ ദേവേശ**
**താത ജ്ഞാപയ കാരയ**

അല്ലയോ ദേവേശ! അത്യന്തം ദുർബുദ്ധിയായ ഞാൻ എവിടെ ? ആത്മഹിതമറിയാനും അതിൻപ്രകാരം പ്രവർത്തിക്കാനുമുള്ള ശക്തി എന്നിൽ എവിടെ? കരുണാനിധേ! ഹിതമായിട്ടുള്ളതെന്താണോ അത് പറഞ്ഞുതന്ന് എന്നെക്കൊണ്ട് ചെയ്യിച്ചാലും.

**ജന്മപ്രഭൃതി ദാസോƒസ്മി**
**ശിഷ്യോƒസ്മി തനയോƒസ്മി തേ**
**ത്വം ച സ്വാമി ഗുരുർമാതാ**
**പിതാ ച മമ മാധവ**

ഹേ മാധവ! ജനനം മുതൽക്കേ ഞാൻ അങ്ങയുടെ ദാസനും ശിഷ്യനും പുത്രനും ആണ്. അങ്ങെനിക്ക് സ്വാമിയും (യജമാനൻ) ഗുരുവും മാതാവും പിതാവുമല്ലോ!.

**മുഖ്യപ്രാണ മഹാബുദ്ധേ**
**തവ ദാസോƒസ്മി സർവദാ**
**തവ നാഥം ത്വയി പ്രീതം**
**മച്ചിത്തേ സന്നിധാപയ**

അല്ലയോ മഹാബുദ്ധിമാനായ മുഖ്യപ്രാണ! (വായുദേവന്റെ അവതാരമായ ഹനുമാൻ സ്വാമി!), ഞാൻ എന്നും അങ്ങയുടെ ദാസനാണ്. അങ്ങയിൽ സംപ്രീതനായ അങ്ങയുടെ നാഥനെ (ശ്രീരാമദേവനെ) എന്റെ ചിത്തത്തിൽ പ്രതിഷ്ഠിച്ചാലും.

ന സ്നാനസന്ധ്യേ ന ച പാദസേവനം
ഹരേർനചാർച്ചാ വിധിനാ മയാ കൃതാ
നിഷ്കാരണം മേ ഗതമായുരൽപകം
തസ്മാദ് ഗുരോ മാം കൃപയാ സമുദ്ധര

അല്ലയോ ഗുരുദേവ! സ്നാനസന്ധ്യാവന്ദനാദികളോ ശ്രീഗുരുപാദസേവനമോ ശ്രീഹരിയുടെ പൂജനമോ എന്നാൽ ചെയ്യപ്പെട്ടില്ല. അൽപ്പമായ എന്റെ ഈ ആയുസ്സ് ഒരു പ്രയോജനവുമില്ലാതെ പൊയ്പ്പോയല്ലോ. അക്കാരണത്താൽ ഹേ ഗുരോ!, അങ്ങയുടെ കരുണ ഒന്നുകൊണ്ടുമാത്രം എന്നെ സമുദ്ധരിച്ചാലും.

നമാമോ നമ്രശിരസാ
ഗജാനന ദയാഘന
ത്വദ്പാദാംബുജയോർഭക്തിം
പ്രജ്ഞാം വിദ്യാം ച ദേഹി ന:

കരുണാനിധിയായ ഹേ ഗജാനന! നമ്രശിരസ്ക്കരായി ഞങ്ങൾ ഇതാ നമസ്ക്കരിക്കുന്നു. അങ്ങയുടെ പാദപത്മങ്ങളിലുള്ള ഭക്തിയും പ്രജ്ഞയും വിദ്യയും ഞങ്ങൾക്ക് നൽകിയാലും.

ശ്രീശാംഘ്രിഭക്തിം ഹരിദാസദാസ്യം
പ്രപന്നമന്ത്രാർത്ഥദൃഢൈകനിഷ്ഠാം
ഗുരോസ്സ്മൃതിം നിർമലബോധബുദ്ധിം
പ്രദേഹി മാത: പരമം പദം ശ്രീ:

മാതാവായ ലക്ഷ്മീദേവി! ശ്രീശ(വിഷ്ണു)പാദപങ്കജങ്ങളിലുള്ള ഭക്തിയും, ശ്രീഹരിയുടെ ദാസരുടെ ദാസ്യം ചെയ്യാനുള്ള സൗഭാഗ്യവും, ഉപാസനയ്ക്കായി ആശ്രയിച്ചിട്ടുള്ള മന്ത്രത്തിലുള്ള ദൃഢനിഷ്ഠയും, ശ്രീഗുരുചരണസ്മരണയും, നിർമലമായ ബോധബുദ്ധിയും, അന്ത്യത്തിൽ പരമമായ ശ്രീവിഷ്ണുപദപ്രാപ്തിയും തന്നരുളിയാലും.

പക്ഷിരാജ നമസ്തേസ്തു
കൃപാദൃഷ്ട്യാ വിലോകയ
ദേഹി നസ്തവ ദാസേഭ്യ:
ദയാശ്രദ്ധാദിസദ്ഗുണാൻ

അല്ലയോ പക്ഷിരാജാവായ ഗരുഡ! അങ്ങയ്ക്ക് നമസ്കാരം. കൃപാദൃഷ്ടിയാൽ ഞങ്ങളെ കടാക്ഷിച്ചാലും. അങ്ങയുടെ ദാസരായ ഞങ്ങൾക്ക് ദയ ശ്രദ്ധ മുതലായ സദ്ഗുണങ്ങൾ നൽകിയാലും.

നമോ നമസ്തേഽഖിലമംഗലപ്രദ
നമോ നമസ്തേ സുഖശാന്തിദായക
നമോ നമസ്തേ നതഭക്തവത്സല
നമോ നമസ്തേ കരുണാപയോനിധേ

സമസ്തമംഗലങ്ങളും പ്രദാനംചെയ്യുന്നവനേ, എല്ലാവർക്കും സുഖവും ശാന്തിയും തന്നരുളുന്നവനേ, ആശ്രിതജനവത്സല, കരുണാസമുദ്രമേ, അങ്ങയ്ക്ക് വീണ്ടും വീണ്ടും നമസ്കാരം

മംഗലം കുരു സർവ്വത്ര
സർവ്വദാ സർവ്വഥാ പ്രഭോ
വന്ദാമഹേ ജഗത്വന്ദ്യ
മംഗലാവഹ സദ്ഗുണ

എല്ലാ സദ്ഗുണങ്ങളുടേയും നിവാസസ്ഥാനമേ, സർവ്വമംഗലങ്ങളും വരുത്തുന്നവനേ, ജഗദൈകവന്ദ്യ! ഞങ്ങൾ അങ്ങയെ വന്ദിക്കുന്നു. ഹേ പ്രഭോ! എല്ലായിടത്തും എല്ലായ്പ്പോഴും എല്ലാവിധത്തിലും മംഗലം ചെയ്താലും.

ത്വമേവ മാതാ ച പിതാ ത്വമേവ
ത്വമേവ ബന്ധുശ്ച സഖാ ത്വമേവ
ത്വമേവ വിദ്യാ ദ്രവിണം ത്വമേവ
ത്വമേവ സർവ്വം മമ ദേവദേവ

അല്ലയോ ദേവദേവ! അങ്ങ് തന്നെ എനിക്ക് മാതാവും പിതാവും. അങ്ങ് തന്നെ ബന്ധുവും മിത്രവും. അങ്ങ് തന്നെ വിദ്യയും വിത്തവും (ധനവും). എനിക്ക് സർവ്വവും അങ്ങുതന്നെയല്ലോ!.

കായേന വാചാ മനസേന്ദ്രിയൈർവാ
ബുദ്ധ്യാത്മനാ വാ പ്രകൃതേസ്സ്വഭാവാത്
കരോമി യദ്യദ് സകലം പരസ്മൈ
നാരായണായേതി സമർപയാമി

ശരീരംകൊണ്ടോ വാക്കുകൊണ്ടോ മനസ്സുകൊണ്ടോ ഇന്ദ്രിയങ്ങൾകൊണ്ടോ ബുദ്ധിയാലോ ആത്മശക്തിയാലോ പ്രകൃതിസ്സ്വഭാവത്താലോ ഞാൻ എന്തൊക്കെ ചെയ്യുന്നുവോ അതെല്ലാം പരമാത്മാവായ നാരായണനായിക്കൊണ്ട് സമർപ്പിക്കുന്നു.

---- ശുഭം ----